പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 257 **29-10-2026-ൽ മറുപടിയ്ക്ക്**

<u>ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എം. വിജിൻ

ശ്രീ. കെ. എൻ. ബാലഗോപാൽ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. കാരായി രാജൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളെ നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും കരാർ കമ്പനികളുടെ മെല്ലെപ്പോക്കും ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്. കേരളത്തിലെ കരിങ്കല്ല്/മെറ്റൽ (stone aggregates), borrow earth എന്നിവയുടെ പരിമിതമായ ലഭ്യതയും, തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്കുള്ള കരിങ്കല്ല് ഉൽപ്പന്നങ്ങളുടെ ഗതാഗതത്തിലുണ്ടായ തടസ്സങ്ങളും, ചില കരാറുകാരുടെ പ്രവർത്തിയിലുള്ള മെല്ലെപ്പോക്കും ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) ദേശീയപാത 66-ൽ നിർമ്മാണം നടക്കുന്ന ചില പ്രദേശങ്ങളിൽ മണ്ണിന്റെ ബലക്കുറവും മറ്റു കാരണങ്ങളാലും റോഡ് തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള ആശങ്ക ദേശീയപാത അതോറിറ്റിയെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> മലപ്പുറത്തെ കൂരിയാട്ടും, കൊല്ലത്തെ മൈലക്കാട്ടും റീഇൻഫോഴ്സ്ഡ് സോയിൽ (RS) മതിൽ തകർന്ന സംഭവങ്ങൾ അതാത് കൺസെഷനയർമാരുടെ ഡിസൈനിലെയും മണ്ണ് പരിശോധനയിലെയും പോരായ്മകൾ മൂലമാണ് സംഭവിച്ചത്. ബന്ധപ്പെട്ട കൺസെഷനയർമാർക്കെതിരെ ദേശീയപാത അതോറിറ്റി ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അവരുടെ സ്വന്തം ചെലവിലും റിസ്കിലും പരിഹാര പ്രവൃത്തികൾ നടത്തിവരികയുമാണ്. ദേശീയപാത അതോറിറ്റി തങ്ങളുടെ കൺസെഷനയർ/കരാറുകാർ, സ്വതന്ത്ര എഞ്ചിനീയർമാർ/ അതോറിറ്റി എഞ്ചിനീയർമാർ എന്നിവരിലൂടെ നിർമ്മാണ ഘണനിലവാരം നിരന്തരം നിരീക്ഷിക്കുകയും അംഗീകൃത ഡിസൈനുകളും ബാധകമായ സാങ്കേതിക മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

കൂരിയാടിലും, മൈലക്കാട്ടും ഉണ്ടായ സംഭവങ്ങളെത്തുടർന്ന്, ഐ.ഐ.ടി പാലക്കാടിന്റെയും (IIT Palakkad), ഐ.ഐ.ടി ഡൽഹി സിവിൽ എഞ്ചിനീയറിംഗ് മുൻ മേധാവിയും ജിയോടെക്നിക്കൽ വിദഗ്ധനുമായ ശ്രീ ജി.വി. റാവുവിന്റെയും മേൽനോട്ടത്തിൽ ദേശീയപാത-66-ലെ സ്ട്രക്ചറുകളുടെ ജിയോടെക്നിക്കൽ പരിശോധനകൾ ദേശീയപാത അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത

സ്ഥലങ്ങളിലെ ജിയോടെക്നിക്കൽ പര്യവേക്ഷണവും ലാബ് പരിശോധനകളും പൂർത്തിയായിട്ടുണ്ട്. കൂടാതെ സാങ്കേതിക അന്വേഷണങ്ങൾ പുരോഗമിച്ചുവരികയാണ്.

കൂടാതെ ദേശീയപാത 66 വെള്ളക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി ദേശീയപാത അതോറിറ്റിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി സംയോജിത ഡ്രെയിനേജ് മാനേജ്മെന്റ് സംവിധാനം വിഭാവനം ചെയ്യുകയും അതിനുള്ള പോളിസി ഫ്രെയിംവർക്കിന് അനുമതി നൽകിയും സർക്കാർ 11.08.2026 തീയതിയിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ദേശീയപാത വികസനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന ഇടപെടലുകൾ വ്യക്തമാക്കാമോ?

<u>മറുപടി:</u> ദേശീയപാത-66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംസ്ഥാന സർക്കാർ കർശനമായി നിരീക്ഷിച്ചുവരുന്നുണ്ട്. ബഹു. കേന്ദ്ര ഉപരിതല ഗതാഗതവും ദേശീയപാതകളും വകുപ്പ് മന്ത്രി മുമ്പാകെ 2026 ജൂലൈ ഏഴാം തീയതി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ദേശീയപാത 66 ന്റെ നിർമ്മാണത്തിൽ പല സ്ട്രെച്ചുകളിലെയും പ്രവൃത്തികൾ മന്ദഗതിയിലാണെന്നും അത് വേഗത്തിലാക്കുന്നതിനായി വേണ്ട ഇടപെടലുകൾ നടത്തണമെന്നുമുള്ള ആവശ്യം പ്രധാന ഇനമായി അവതരിപ്പിച്ചിട്ടുള്ളതാണ്.

ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുള്ള അധിക പ്രവൃത്തികൾക്കായുള്ള തുടർച്ചയായ ആവശ്യങ്ങൾ, നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ്, കരാറുകാരും കൺസെഷനയർമാരും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ എന്നിവയാണ് ദേശീയപാത 66-ലെ ചില ഭാഗങ്ങളിലെ നിർമ്മാണത്തിലെ കാലതാമസത്തിന് കാരണമായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

ദേശീയപാത 66 ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയും, പൊതുമരാമത്ത് വകുപ്പ് മന്ത്രിയും വിളിച്ചു ചേർത്ത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ദേശീയപാത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് stone aggregates-ന്റെ തടസ്സമില്ലാതെയുള്ള അന്തർസംസ്ഥാന ഗതാഗതം ഉറപ്പാക്കുന്നതിന്, നിലവിലെ റെഗുലേറ്ററി ചട്ടക്കൂടിനുള്ളിൽ നിന്ന് സാധ്യമായ രീതിയിൽ ഉചിതമായ ഇളവുകളോ ഭരണപരമായ നടപടികളോ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് അർദ്ധ ഔദ്യോഗിക കത്ത് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനത്തിനായി കാത്തിരിക്കുകയാണ്. അതോടൊപ്പം ദേശീയപാത നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി നൽകുന്ന മണ്ണെടുപ്പ്/കരിങ്കൽ ഖനനം എന്നിവയ്ക്കായുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുവാൻ വ്യവസായ വകുപ്പിനും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനായി കരാറുകാരും കൺസെഷനയർമാരും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ഓരോ കേസിനനുസരിച്ച് വേവ്വേറെ പരിഹരിച്ചുവരുന്നതായി ദേശീയപാത അതോറിറ്റിയും അറിയിച്ചിട്ടുണ്ട്.

തൃശ്ശൂർ കൈപ്പമംഗലത്തെ അപകടത്തിന്റെ പശ്ചാത്തലത്തിൽ 08.09.2026 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ എന്നിവർ ഉൾപ്പെടെയുള്ളവരുടെ ഒരു ഉന്നതതല യോഗം വിളിച്ച് ചേർക്കുകയും ദേശീയപാത നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന

നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. എല്ലാ നിർമ്മാണ മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്ന ബ്ലിങ്കറുകൾ സ്ഥാപിക്കണം, ഡൈവേർഷനുകളിൽ ആവശ്യത്തിന് വെളിച്ചം ഉറപ്പാക്കണം, ക്രാഷ് അറ്റെൻവേറ്ററുകളും ഫിസിക്കൽ ബാരിക്കേഡുകളും സ്ഥാപിക്കണം, വൈദ്യുതി ബന്ധത്തിനായി കാത്തുനിൽക്കാതെ പോർട്ടബിളും സോളാറിലും പ്രവർത്തിക്കുന്ന ലൈറ്റുകൾ സജ്ജമാക്കണം. ദേശീയപാതയിലെ ഷോൾഡറുകളിലും വെളിച്ചമില്ലാത്ത ഭാഗങ്ങളിലും അനധികൃതമായി പാർക്ക് ചെയ്യുന്ന ചരക്കുലോറികൾക്കെതിരെ പൊലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് പ്രത്യേക സംയുക്ത പരിശോധനകളും എൻഫോഴ്സ്മെന്റ് ഡ്രൈവുകളും ശക്തിപ്പെടുത്തണം. ശാസ്ത്രീയമായ രീതിയിൽ വേഗത ഘട്ടംഘട്ടമായി കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ഉതകുന്ന തരത്തിൽ സൂചക ബോർഡുകൾ സ്ഥാപിച്ച് വാഹനങ്ങളുടെ വേഗത ക്രമീകരിക്കുന്നതിന് ദേശീയപാത അതോറിറ്റി അടിയന്തര നടപടികൾ സ്വീകരിക്കണം. ജില്ലാ കളക്ടർമാർ, ജില്ലാ പൊലീസ് മേധാവികൾ, ആർ.ടി.ഒ മാർ, ദേശീയപാത അതോറിറ്റി പ്രോജക്ട് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ അടിയന്തര യോഗങ്ങൾ ചേർന്ന് അപകട സാധ്യതയുള്ള സൈറ്റുകളിൽ സംയുക്ത പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് അപകടസാധ്യത ഒഴിവാക്കണം. യാതൊരു മുൻകരുതലുമില്ലാതെയുള്ള റോഡ് തിരിച്ചുവിടലുകൾ നിരോധിക്കുന്നു. പ്രാദേശിക ജനപ്രതിനിധികളെ മുൻകൂട്ടി വിശ്വാസത്തിലെടുത്തുകൊണ്ട് ഡൈവേർഷൻ പ്ലാനുകൾ ജില്ലാ കളക്ടർമാർ നേരിട്ട് പരിശോധിച്ച് വിഷയത്തിൽ തീരുമാനമെടുക്കണം. പോലീസ് റിപ്പോർട്ട് ചെയ്യുന്ന അപകട വിവരങ്ങൾ കൃത്യമായി പരിശോധിക്കുന്നതിനായി ജില്ലാ കളക്ടർമാർക്കും പൊതുമരാമത്ത് എഞ്ചിനീയർമാർക്കും ഇ-ഡാർ പോർട്ടലിന്റെ പ്രവേശനം നൽകണം.

പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട്, പ്രോജക്ട് സംബന്ധമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനും, പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും, ദേശീയപാത-66 വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ